**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

20-10-2016 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3770

## പേരോലിൽ ദുരന്ത നിവാരണ സേനയുടെ ഡിറ്റാച്ച്മെന്റ് ക്യാംപ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കാസർഗോഡ് നീലേശ്വരം മുനിസിപ്പാലിറ്റിയിൽപ്പെട്ട പേരോലിൽ, ദുരന്ത നിവാരണ (എസ്.ഡി.ആർ.എഫ്.) സേനയുടെ ഡിറ്റാച്ച്മെന്റ് ക്യാംപ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | കാസർഗോഡ് ജില്ലയിൽ ദുരന്ത നിവാരണ (എസ്.ഡി.ആർ.എഫ്.) സേനയുടെ ഡിറ്റാച്ച്മെന്റ് ക്യാംപ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല. കേരളത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ സേനയെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിലാണ് വിന്യസിച്ചിട്ടുള്ളത്. എന്നാൽ ദുരന്ത നിവാരണ സേനയ്ക്ക് വേണ്ടി നീലേശ്വരം മുനിസിപ്പാലിറ്റിയിൽപ്പെട്ട പേരോൽ വില്ലേജിൽ റീ.സ.നം.189/1 -ൽ 7 ഏക്കർ ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| ബി) | എൺപത് കി.മീ. കടൽത്തീരമുള്ളതും പ്രകൃതി ദുരന്തങ്ങൾക്ക് ഏറെ സാദ്ധ്യതയുള്ള പ്രദേശവുമായ ഇവിടെ ദുരന്തനിവാരണ സേനയുടെ കേന്ദ്രം എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ